LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കാരായ പോലീസുദ്യോഗസ്ഥർ

*21 [21] ശ്രീ. എം. കുമാരൻ:

" ബിനോയ് വിശ്വം:

" പി. എസ്. സുപാൽ:

" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഴിമതിക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പോലീസുദ്യോഗസ്ഥരുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഗ്രേഡിലും തസ്തികയിലും ഇത്തരത്തിലുള്ള എത്ര ഉദ്യോഗസ്ഥർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഉദ്യോഗസ്ഥൻമാരിൽ എത്രപേർ ക്രമസമാധാനപാലനത്തിന്റെ ചുമതല വഹിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; മറ്റ് വിഭാഗങ്ങളിൽ എത്ര പേർ വീതമുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസ് സേനയിലെ അഴിമതി ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ ആന്റ് ബി) അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെന്ന് ആരോപിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ വിവരം ശേഖരിച്ച് അത്തരം ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം നിരീക്ഷണങ്ങൾ രഹസ്യസ്വഭാവമുള്ളതായതിനാൽ അഴിമതിക്കാരെന്ന് സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ വിവരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) പോലീസ് സേനയിൽ അഴിമതി പ്രവർത്തനങ്ങൾ തടയുന്നതിനായി കാര്യക്ഷമമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ പൊതുജന ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി

ഡിപ്പാർട്ട്മെന്റ് വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലേയും സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി.-മാരെ വിജിലൻസ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കിടയിൽ അഴിമതി വിരുദ്ധ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേവനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും കുറ്റകരമാണെന്നും, ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ പൊതുജനങ്ങൾ പ്രസ്തുത വിവരം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് വിജിലൻസ് ഉദ്യോഗസ്ഥനെയോ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ അറിയിക്കണമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട വിജിലൻസ് ഉദ്യോഗസ്ഥരുടെ വിലാസവും ടെലിഫോൺ നമ്പരും സൂചിപ്പിക്കുന്ന ബോർഡുകൾ പോലീസ് സ്റ്റേഷൻ തുടങ്ങി മറ്റ് എല്ലാ പോലീസ് ഓഫീസുകളിലും പ്രദർശിപ്പിച്ച് വരികയും ചെയ്യുന്നുണ്ട്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം

*22 [22] ശ്രീ. വി. കെ. ചന്ദ്രൻ:

,, എ. കെ. ബാലൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസുകളിൽ മതിയായ പ്രാതിനിധ്യം ലഭിക്കാത്ത പിന്നോക്ക വിഭാഗങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും സമുദായത്തിന് സർക്കാർ സർവ്വീസുകളിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) പിന്നോക്ക വിഭാഗങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ഡി) പിന്നോക്ക സമുദായ ക്ഷേമവകുപ്പ് ഇത് സംബന്ധിച്ച് എന്തെല്ലാം നിലയിലുള്ള പഠന റിപ്പോർട്ടുകളാണ് പരിഗണിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly